


# രക്ഷകനെ കാത്തിരുന്ന ജനം

5

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം

# വിമോചകനായ മോശ



ആദ്യകാലഘട്ടങ്ങളിൽ ജോസഫിന്റെ പേരിൽ ഈജിപ്തുകാർ അവരെ ആദരിച്ചിരുന്നെങ്കിലും പിന്നീട് അവർ ഇസ്രായേക്കാരെ വെറുത്തു. ഇസ്രായേൽ ജനങ്ങളെ കഠിനമായ ജോലികൾ ചെയ്യാൻ നിർബന്ധിച്ചു.



# മോശയുടെ ജനനം

ഫറവോയുടെ കല്പനയനുസരിച്ചു തനിക്കു ജനിച്ച ആൺകുഞ്ഞിനെ കൊല്ലാൻ മനസ്സുവരാതെ ഒരു സ്ത്രീ മകനെ 3 മാസം രഹസ്യമായി വളർത്തി. പിന്നീട് രഹസ്യമായി വളർത്താൻ പറ്റാതെ വന്നപ്പോൾ ഒരു പേടകത്തിൽ കിടത്തി കുട്ടിയെ പുഴവക്കത്തെ ചെടികൾക്കിടയിൽ വച്ചു.

ഫറവോയുടെ പുത്രി കുളിക്കാൻ വന്നപ്പോൾ പേടകം കണ്ടു. ആ കുട്ടിയെ വളർത്തുവാനായി ഒരു സ്ത്രീയെ അന്വേഷിച്ചു. അവന്റെ അമ്മയായ സ്ത്രീയെത്തന്നെ രാജകുമാരി കുഞ്ഞിനെ ഏൽപിച്ചു. പിന്നീട് അവൾ കുഞ്ഞിനെ രാജകുമാരിയെ ഏൽപിച്ചു.

**രാജകുമാരി കുഞ്ഞിന് മോശ എന്നു പേരു നല്കി. (വെള്ളത്തിൽനിന്ന് എടുക്കപ്പെട്ടവൻ എന്നർത്ഥം).**

# മോശയുടെ ഒളിച്ചോട്ടം

- രാജകുമാരനെപ്പോലെ മോശ കൊട്ടാരത്തിൽ സുഖമായി ജീവിച്ചു.
- താൻ ഇസ്രായേക്കാരനാണെന്ന ചിന്ത അവനുണ്ടായി. ഒരു ഈജിപ്തുകാരൻ ഇസ്രായേൽക്കാരനെ അടിക്കുന്നതു കണ്ടപ്പോൾ മോശയ്ക്കു ദേഷ്യം വന്നു. അവൻ അയാളെ കൊന്നുകളഞ്ഞു.
- ഫറവോ മോശയെ പിടികൂടാൻ തീരുമാനിച്ചതറിഞ്ഞ് അവൻ മിദിയാനിലേക്ക് ഒളിച്ചോടി. അവിടെ ജത്രോ എന്ന പുരോഹിതന്റെ ആടുകളെ മേയ്ച്ചുവന്നു. പിന്നീടു ജത്രോയുടെ മകളെ വിവാഹം കഴിച്ചു.



# ദൈവത്തിന്റെ വിളി

മോശ ഒരു ദിവസം ഹോറബ് മലയിൽ ആടുകളെ മേയ്ച്ചുകൊണ്ടിരുന്നപ്പോൾ ഒരു മുൾപ്പടർപ്പ് ആളിക്കത്തുന്നു. അത് എരിഞ്ഞു ചാമ്പലാകുന്നുമില്ല. ആ മഹാദൃശ്യം അടുത്തു കാണുന്നതിനായി മോശ മുൾപ്പടർപ്പിനെ സമീപിച്ചു. അപ്പോൾ മുൾപ്പടർപ്പിൽനിന്നു ദൈവത്തിന്റെ സ്വരമുയർന്നു. തുടർന്നു ദൈവം അവനെ തന്റെ ജനമായ ഇസ്രായേൽ മക്കളെ ഈജിപ്തിൽനിന്നു പുറത്തുകൊണ്ടു വരാനുള്ള ദൗത്യം ഏല്പിക്കുന്നു. (പുറ. 3: 7–10)

# മോശയെ അയയ്ക്കുന്നു

ദൈവം മോശയോട് അരുളിച്ചെയ്തു: ‘ഇസ്രായേൽമക്കളോടു പറയുക. നിങ്ങളുടെ പിതാക്കൻമാരുടെ ദൈവമായ കർത്താവ് എന്നെ നിങ്ങളുടെ അടുത്തേയ്ക്കയച്ചിരിക്കുന്നു’.

# ദൈവം മോശയെ 2 കാര്യങ്ങൾ ഏല്പിച്ചു:

1. ‘ഇസ്രായേൽക്കാരോടു പറയുക, അവരെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നു ദൈവം രക്ഷിക്കും. തേനും പാലും ഒഴുകുന്ന കാനാൻ ദേശത്തേക്ക് അവരെ കൊണ്ടുവരും’.

2. ‘ഫറവോയോടു പറയുക, 3 ദിവസത്തെ യാത്രചെയ്തു മരുഭൂമിയിൽ ദൈവമായ കർത്താവിനു ബലിയർപ്പിക്കുവാൻ ഇസ്രായേൽക്കാരെ വിട്ടയയ്ക്കണം’.

# മൂന്ന് അടയാളങ്ങൾ

- മോശയുടെ വടി നിലത്തിട്ടപ്പോൾ അതു സർപ്പമായി മാറി.
- കൈനീട്ടി അതിന്റെ വാലിൽ പിടിച്ചപ്പോൾ അതു വടിയായി തീർന്നു.
- മോശ കൈ മാറിടത്തിൽ വച്ചപ്പോൾ അതു മഞ്ഞു പോലെ വെളുത്തു കുഷ്ഠമുള്ളതായി കാണപ്പെട്ടു. വീണ്ടും കൈ മാറിടത്തിൽ വച്ചു തിരിച്ചെടുത്തപ്പോൾ അഃു പഴയതുപോലെയായി.
- നദിയിലെ ജലം മോശ കരയിലൊഴിച്ചപ്പോൾ അതു രക്തമായി മാറി.

# അഹറോനെ നല്കുന്നു

അടയാളങ്ങൾ ലഭിച്ചിട്ടും മോശയുടെ ഭയം തീരാത്തതിനാൽ ദൈവം അവനു സഹായിയായി സഹോദരനായ അഹറോനെ നല്കുന്നു. ഇരുവരെയും ശക്തിപ്പെടുത്തുമെന്നു ദൈവം വാഗ്ദാനം ചെയ്തു.

# ദൗത്യവുമായി ഈജിപ്തിലേക്ക്

- മോശയും, അഹറോനും ഈജിപ്തിലെത്തി.
- ദൈവം പറഞ്ഞകാര്യങ്ങൾ ഇസ്രായേലിനെ അറിയിച്ചു.
- ജനങ്ങളുടെ മുമ്പിൽ അടയാളങ്ങൾ കാണിച്ചു.
- എല്ലാവരും വിശ്വസിച്ചു.

# ഫറവോയുടെ മുമ്പിൽ

- ✓മോശയും അഹറോനും ഫറവോയുടെ മുമ്പിലെത്തി ദൈവത്തെ ആരാധിക്കാൻ ഇസ്രായേൽക്കാരെ വിട്ടയക്ക ണമെന്ന് ആവശ്യപ്പെട്ടു. ഫറവോ സമ്മതിച്ചില്ല. ഫറവോ ഇസ്രായേൽക്കാർക്കു കൂടുതൽ ജോലികൾ നല്കി കഷ്ട പ്പെടുത്താൻ തുടങ്ങി. ഇസ്രായേൽക്കാർ മോശയെയും അഹറോനേയും കുറ്റപ്പെടുത്തി.

- ✓ദൈവത്തിന്റെ വഴികൾ മനുഷ്യരുടേതുപോലെയല്ല. കഷ്ടപ്പാടുകളുടെ മദ്ധ്യത്തിലും ദൈവം മനുഷ്യനെ രക്ഷ യിലേക്കു നയിക്കുന്നു. ആപത്തുകൾ വന്നാലും അവി ടുന്നു നമ്മെ സംരക്ഷിക്കും.



# നമുക്കു പ്രാർത്ഥിക്കാം

ബലഹീനതകളുണ്ടായിരുന്ന മോശയെ തെരഞ്ഞെടുത്ത് ശക്തിപ്പെടുത്തി വൻകാര്യങ്ങൾക്കായി നിയോഗിച്ച ദൈവമേ, കുറവുകളെയും ബലഹീനതകളെയും അതിജീവിച്ചു മുന്നേറാൻ എന്നെയും നീ ശക്തിപ്പെടുത്തണമേ.



# നമുക്കു പാടാം

കടന്നുപോയ് ശതാബ്ദമേറെ
കൺതുറന്നു വൈരികൾ
കഷ്ടകാലമായിതിസ്രേൽ
സ്പഷ്ടമായും പീഡിതർ!

പിറന്നു മോസസെന്നസത്
പ്രവാചകൻ പ്രഭാവവാൻ
നിറഞ്ഞുനിന്നു പൊൽക്കതിർ,
കുറഞ്ഞതില്ല മോദവും.

തിരഞ്ഞെടുത്തു ദൈവമാ
പരോന്മുഖപ്രഭാവനെ
ജനങ്ങളെനയിക്കുവാൻ
തമസ്സുദൂരെനീക്കുവാൻ.......

കഷ്ടനഷ്ടമൊക്കെയും
സഹിച്ചു രക്ഷനേടുവാൻ
വിളിച്ചദൈവമല്ലയോ
നയിച്ചു നേരെ മോശയെ........

# ദൈവവചനം വായിക്കാം, വിവരിക്കാം

## ദൈവം മോശയെ വിളിക്കുന്ന

## സംഭവം

## വിവരിച്ചു പറയുക

# വഴികാട്ടാൻ ഒരു തിരുവചനം

**‘ഞാൻ നിങ്ങളെ എന്റെ ജനമായി സ്വീകരിക്കും നിങ്ങളുടെ ദൈവമായിരിക്കുകയും ചെയ്യും’.**

# എന്റെ തീരുമാനം

**ദൈവം ഏൽപിച്ച ദൗത്യം മോശ സ്വീകരിച്ചതുപോലെ മാതാപിതാക്കൾ എന്നെ ഏൽപ്പിക്കുന്ന ദൗത്യങ്ങൾ ഞാനും സ്വീകരിക്കും**

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ദൈവം മോശയെ ദൗത്യം ഏല്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു.

* ആപത്തുകൾക്കും നടുവിലും ദൈവം നമ്മെ രകിഷിക്കാൻ തയ്യാറാണ്.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ



* ദൈവത്തിന്റെ പദ്ധതികൾ നടപ്പിലാക്കാൻ നമ്മുടെ സഹകരണം നാം നൽകണം.

* കഷ്ടപ്പാടുകളുടെ മധ്യത്തിലും രക്ഷയിലേക്കു നയിക്കുന്ന ദൈവത്തോടു നാം നന്ദിയുള്ളവരായിരിക്കണം.

## സ്വന്തമാക്കേണ്ട ശീലങ്ങൾ

* മാതാപിതാക്കൾ എന്നെ ഏല്പിക്കുന്ന ചുമതലകൾ നിറവേറ്റാൻ ഞാൻ പരിശ്രമിക്കും.





# THANK YOU